(ഡി) യാത്രാ സൗകര്യങ്ങളുടെ അപര്യാപ്തതമൂലമാണ് പ്രസ്തുത അപകടം സംഭവിച്ചത് എന്ന വസ്തുത ഗവൺമെന്റ് അംഗീകരിക്കുന്നുണ്ടോ ;

(ഇ) ഈ മേഖലയിലെ യാത്രാക്ലേശം പരിഹരിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത അപകടത്തെക്കുറിച്ച് ആലത്തൂർ ജോയിന്റ് ആർ.ടി.ഒ. അന്വേഷണം നടത്തുകയുണ്ടായി.

(സി) 31-10-1999 ന് രാവിലെ ഏകദേശം 9.15-ന് കെ.എൽ. 15/3086 രജിസ്ട്രേഷൻ നമ്പരുള്ള കെ.എസ്.ആർ.ടി.സി. ബസ് ഏകദേശം 120 യാത്രക്കാരുമായി മഞ്ചാടി പാലത്തിനു സമീപം 50 അടി താഴ്ചയുള്ള തടത്തിലേക്ക് മറിയുകയുണ്ടായി. ഈ ദുരന്തത്തിൽ 3 പേർ മരിക്കുകയും 115 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. അപകടം നടന്ന സ്ഥലത്തെ റോഡിന്റെ പരിതാപകരമായ അവസ്ഥയും യാത്രക്കാരുടെ ബാഹുല്യവും ഡ്രൈവറുടെ കാര്യക്ഷമതാകുറവും മൂലമാണ് ഈ അപകടം സംഭവിച്ചതെന്ന് അന്വേഷണത്തിൽ ബോധ്യമായിട്ടുണ്ട്. ഡ്രൈവറുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) അപകട കാരണം യാത്രാസൗകര്യങ്ങളുടെ അപര്യാപ്തത മാത്രം കൊണ്ടുണ്ടായതല്ല.

(ഇ) അന്വേഷിച്ച് ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

കിളിമാനൂർ ഡിപ്പോയിൽ നിന്നും നിർത്തൽ ചെയ്ത സർവ്വീസുകൾ

108 (1163) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ ഡിപ്പോയിൽ നിന്നും സർവ്വീസ് നടത്തിക്കൊണ്ടിരുന്ന ഏതെങ്കിലും ബസുകൾ ഈയിടെ നിറുത്തൽ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര ബസ്സുകളുടെ സർവ്വീസുകളാണ് നിറുത്തൽ ചെയ്തിട്ടുള്ളതെന്നും അവ ഏതെല്ലാം ഷെഡ്യൂളുകളാണെന്നും വ്യക്തമാക്കാമോ ;

(സി) ഇവ പുനരാരംഭിക്കുവാൻ നിവേദനങ്ങൾ ലഭിച്ചിരുന്നുവോ ;

(ഡി) എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സർവ്വീസുകളൊന്നും തന്നെ ഈയിടെ നിറുത്തിയിട്ടില്ല. ബസുകളുടേയും ജീവനക്കാരുടേയും അപര്യാപ്തതമൂലം ദേശസാൽകൃത മല്ലാത്ത മേഖലകളിലെ വരുമാനം കുറഞ്ഞ സർവ്വീസുകൾ ചില ദിവസങ്ങളിൽ ഓപ്പറേറ്റ് ചെയ്യുന്നില്ലന്നേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) സർവ്വീസുകൾ ആവശ്യപ്പെട്ടുകൊണ്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ഡി) ബസ്സിന്റേയും ജീവനക്കാരുടേയും അപര്യാപ്തതമൂലം പുതിയ സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുന്നില്ല.

കോട്ടയ്ക്കൽ വഴി സർവ്വീസ് നടത്തുന്ന ബസ്സുകൾ

109 (1164) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത 17-ൽ തൃശ്ശൂർ-കോഴിക്കോട്, ഗുരുവായൂർ-കോഴിക്കോട് റൂട്ടിൽ കോട്ടയ്ക്കൽ വഴി എത്ര പ്രൈവറ്റ് ബസ്സുകൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ റൂട്ടിൽ മലപ്പുറം ജില്ലയിലെ പ്രധാന ബസ് സ്റ്റേഷനായ കോട്ടയ്ക്കലിനെ ഒഴിവാക്കി സ്വകാര്യ ബസ്സുകൾക്ക് റൂട്ട് നൽകാറുണ്ടോ ;

(സി) എങ്കിൽ എത്ര ബസ്സുകൾക്ക് ഇപ്രകാരം റൂട്ട് നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) കോട്ടയ്ക്കൽ ബസ് സ്റ്റാൻഡിൽ പോകേണ്ട ബസ്സുകൾ സ്റ്റാന്റിൽ പോകാതെ ½ കി. മീറ്റർ അകലെ ദേശീയപാതയിൽ ചങ്കുവെട്ടി എന്ന സ്ഥലത്ത് യാത്രക്കാരെ ഇറക്കി വിടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(എഫ്) 1999-ൽ ഏതെങ്കിലും ബസ്സുകൾക്ക് ഈ റൂട്ടിൽ കോട്ടയ്ക്കൽ ബസ്സ്റ്റാന്റ് ഒഴിവാക്കി ഓടുവാൻ പ്രത്യേക അനുമതി നൽകിയിട്ടുണ്ടോ ;

(ജി) എങ്കിൽ എത്ര ബസ്സുകൾക്ക് ഇപ്രകാരം അനുമതി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(എച്ച്) കോട്ടയ്ക്കൽ വഴി സർവ്വീസ് നടത്തുന്ന എല്ലാ ബസ്സുകളും ബസ്സ്റ്റാന്റ് വഴി സർവീസ് നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ച് അറിയിക്കുന്നതാണ്.

(ബി) വിവരം ശേഖരിച്ച് അറിയിക്കുന്നതാണ്.

(സി) വിവരം ശേഖരിച്ച് അറിയിക്കുന്നതാണ്.

(ഡി) വിവരം ശേഖരിച്ച് അറിയിക്കുന്നതാണ്.

(ഇ) വിവരം ശേഖരിച്ച് അറിയിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly